IVO-3/PKD/7/2023

തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിൻറ്
ഡയറക്ടറുടെ കാര്യാലയം, പാലക്കാട്,
തിയ്യതി - 25/08/2023

പ്രേഷകൻ

കെ സതീഷ് കുമാർ

ഇൻറേണൽ വിജിലൻസ് ഓഫീസർ

ജോയിൻറ് ഡയരക്ടറുടെ കാര്യാലയം, പാലക്കാട്.

സ്വീകർത്താവ്

സെക്രട്ടറി

പുതൂർ ഗ്രാമ പഞ്ചായത്ത്

സർ

വിഷയം : സർവീസ് വില്ല ആരംഭിക്കുന്നതിനുള്ള ലൈസൻസ് അനുവദിക്കാത്തത് സംബന്ധിച്ച്

സൂചന: 1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിൻറ് ഡയറക്ടറുടെ 24.07.2023 ലെ LSGD/JD/PKD/2187/2023- നമ്പർ കത്ത്.

2. ഉപജില്ലാ അദാലത്ത് സമിതിയുടെ 24/08/2023 തിയതിയിലെ തീരുമാനം

മേൽ സൂചന (1) പ്രകാരം ശ്രീ രമേഷ്, സാരഥി നിവാസ്, നെല്ലിപ്പതി, അഗളി എന്നയാൾ പുതൂർ ഗ്രാമപഞ്ചായത്തിൽ സർവീസ് വില്ല ആരംഭിക്കുന്നതിനുള്ള ലൈസൻസിന് അപേക്ഷ സമർപ്പിച്ചുവെങ്കിലും അത് നിരസിച്ചതായി പരാതിപ്പെട്ടുകൊണ്ടുള്ള കത്ത് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനു നിർദേശിച്ചിട്ടുണ്ട്. അന്വേഷണത്തിൽ ഇതിന് പഞ്ചായത്തിൽ നിന്നും ഫാക്ടറികൾ, വ്യാപാരങ്ങൾ, സംരംഭങ്ങൾ, മറ്റു സേവനങ്ങൾ എന്നിവക്കുള്ള ലൈസൻസ് നൽകിയതായി കാണുന്നു. എന്നാൽ അത് ഉപജില്ലാ അദാലത്ത് സമിതിയുടെ 24/08/2023 തിയതിയിലെ യോഗത്തിൽ ചർച്ച ചെയ്തു. ടി വിഷയം The Kerala Places of Public Resort Act 1963, The Kerala Places of Public Resort Rules 1965 എന്നിവയുടെ പരിധിയിൽ കൂടി വരുന്നതാണെന്ന് കാണുന്നു. ആയതിനാൽ അപേക്ഷകനിൽ നിന്നും ഈ ചട്ടപ്രകാരം ഉള്ള അപേക്ഷ ലഭ്യമാക്കി നിയമാനുസൃത ഫീസ് ഈടാക്കി ഇതിൻപ്രകാരമുള്ള ലൈസൻസ് നല്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ടി നടപടികൾ ഈ കത്ത് ലഭിച്ച് 10 ദിവസത്തിനുള്ളിൽ പൂർത്തീകരിക്കേണ്ടതാണ്.

വിശ്വസ്തതയോടെ
ഒപ്പ്
കെ സതീഷ് കുമാർ
ഇൻറേണൽ വിജിലൻസ് ഓഫീസർ